## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3580 15.03.2018-ലെ മറുപടിയ്ക്ക്

## സ്പോർട്സ് കൗൺസിൽ വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം. രാജഗോപാലൻ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്പോർട്സ് കൗൺസിൽ വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി, എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ, സ്പോർട്സ് ഹോസ്റ്റലുകൾ, ഡേ ബോർഡിംഗ് സെന്ററുകൾ, റൂറൽ കോച്ചിംഗ് സെന്ററുകൾ, സ്പോർട്സ് ട്രെയിനിംഗ് സെന്ററുകൾ, ക്യാഷ് അവാർഡ് സ്കീം, ഡോ.എ.പി.ജെ.അബ്ദുൾ കലാം സ്കോളർഷിപ്പ് സ്കീം, അവശ കായിക താരങ്ങൾക്കുള്ള പെൻഷൻ പദ്ധതി എന്നീ പദ്ധതികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ വഴി നടപ്പിലാക്കി വരുന്നു. |
| (ബി) | വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കാനും മത്സരങ്ങളിൽ പങ്കാളികളാവുന്നവരുടെ ശേഷി വർദ്ധിപ്പിക്കാനും പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കാനും മത്സരങ്ങളിൽ പങ്കാളികളാവുന്നവരുടെ ശേഷി വർദ്ധിപ്പിക്കാനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നു.<br>**1) പ്ലേ ഫോർ ഹെൽത്ത്.**<br>1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായിക ക്ഷമത ഉറപ്പ് വരുത്തുകയെന്ന ലക്ഷ്യത്തോടെ പ്ലേ ഫോർ ഹെൽത്ത് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രൈമറി തലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിൽ ഏർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ കുട്ടിയ്ക്കും അനുയോജ്യമായ കായികയിനം തെരഞ്ഞെടുക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്യുന്നു.<br>**2) ഫുട്ബോൾ പരിശീലന പദ്ധതി**<br>നഗര-ഗ്രാമീണ മേഖലയിലെ ഫുട്ബോളിൽ |

തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ താരങ്ങളായി വളർത്തി എടുക്കുന്നതിനും അതുവഴി സംസ്ഥാനത്തെ ഫുട്ബോളിന്റെ സമഗ്ര വികസനത്തിന് അടിത്തറയിടുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

**3) ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി**

2020, 2024 വർഷങ്ങളിലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി അത് ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ് ലിങ്, ബാഡ്മിന്റൺ (ഷട്ടിൽ), കാനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലായി ആവിഷ്കരിച്ച പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി." ഏകദേശം 225 കായിക താരങ്ങൾക്ക് പരിശീലനം നൽകുവാനാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

4) **കായിക ക്ഷമതാ മിഷൻ**

നഴ്സറി തലം മുതൽ മുതിർന്ന പൗരൻമാർ വരെയുള്ള എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് വേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് കായിക ക്ഷമതാ മിഷൻ. വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ സഹായത്തോടുകൂടിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നത്.

മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിനും അത്ലറ്റിക്സ്, നീന്തൽ, വോളിബോൾ, ബാസ്കറ്റ് ബോൾ, ഫെൻസിംഗ്, തായ്ക്വോൺഡോ എന്നീ കായിക ഇനങ്ങളിൽ മികവിന്റെ കേന്ദ്രങ്ങൾ (എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിലുള്ള സ്പോർട്സ് ഹോസ്റ്റലുകൾ, ദിന പരിശീലന കേന്ദ്രങ്ങൾ, ഗ്രാമീണ പരിശീലന കേന്ദ്രങ്ങൾ എന്നിവയിലൂടെ വിദ്ഗ്ധരായ പരിശീലകരുടെ കീഴിൽ പരിശീലനം നൽകുന്നുണ്ട്. കൂടാതെ ചികിത്സ, പഠനസൗകര്യം എന്നിവയും ലഭ്യമാക്കുന്നു. സ്പോർട്സ് ഹോസ്റ്റൽ സ്കീമിൽ

| | | | |
|---|---|---|---|
| | | | ഉൾപ്പെട്ട കായികതാരങ്ങൾക്ക് ബോർഡിംഗ്/ ലോഡ്ജിംഗ്, വാഷിംഗ് അലവൻസ് എന്നിവ അനുവദിച്ച് വരുന്നു. ഇതിനുപുറമെ മികച്ച കായിക താരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി Dr.APJ Abdul Kalam Scholorship, Cash Award Scheme എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**